## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **05-10-2021 - ൽ മറുപടിയ്ക്ക്**

## തസ്തികളുടെ പുനർ നാമകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ശമ്പളപരിഷ്കരണ കമ്മീഷൻ ഇലക്ഷന് മുമ്പ് നൽകിയ റിപ്പോർട്ടിൽ ഉണ്ടായിരുന്ന ചില നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ ശുപാർശകൾ പരിശോധിച്ച് ശുപാർശകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാരാണ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ പുറപ്പെടുവിച്ച 10.02.2021-ലെ സ.ഉ (അ) നം. 27/2021/ധന. ഉത്തരവിലെ പേജ് നം. 25-ൽ ഖണ്ഡിക 55 പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു സമിതി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ, 10.02.2021-ലെ സ.ഉ (അ) നം. 27/2021/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത വിഷയങ്ങളെ സംബന്ധിച്ച് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഉൾപ്പടെ വിവിധ വകുപ്പുകളിലെ തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്യുമെന്ന് ആദ്യ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലുംഅന്തിമ റിപ്പോർട്ടിൽ ആയത് ഉൾപ്പെടുത്തിയിരുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ ശുപാർശകൾ പരിശോധിച്ച് ശുപാർശകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാരാണ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ പുറപ്പെടുവിച്ച 10.02.2021-ലെ സ.ഉ (അ) നം. 27/2021/ധന. ഉത്തരവിലെ പേജ് നം. 25-ൽ ഖണ്ഡിക 55 പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു സമിതി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ, 10.02.2021-ലെ സ.ഉ (അ) നം. 27/2021/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത വിഷയങ്ങളെ സംബന്ധിച്ച് പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഉൾപ്പടെ വിവിധ വകുപ്പുകളിലെ തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ഉത്തരവിനെത്തുടർന്നുണ്ടായ വിവിധ അനോമലികൾ പരിഹരിക്കുന്നതിനായി സർക്കാർ ഒരു അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ